കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.ksad.kerala.gov.in

# കാറളം ഗ്രാമപഞ്ചായത്ത്
# 2018-19
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ.ടി.എസ്.ആർ.(പി7) 192 /2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020.
ഫോൺ നം. 0487 2331249
Email: dotsr.ksad@kerala.gov.in
തീയതി: 30.04.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
കാറളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാറളം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാറളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ 1-9, 1-23 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ടി.എസ്.ആർ.(പി7) 192 /2020 തീയതി: 30.04.2020

# തൃശ്ശൂർ ജില്ലയിലെ കാറളം ഗ്രാമപഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കാറളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.01.2019 മുതൽ 11.01.2020 വരെയുള്ള പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള 2018-19 വർഷത്തെ പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 6.01.2020 മുതൽ 15.01.2020 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീമതി.ബിത ടി.എസ്. | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ശിവദാസൻ.എ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.സുനിൽ കുമാർ കെ.സി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.അനീറ്റ ഡൊമിനിക്ക് | ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ.എസ്. ബാബു | 01.4.2018 മുതൽ 21.11.2018 വരെ |
| | ശ്രീമതി.ഷീജ സന്തോഷ് | 10.12.2018 മുതൽ 31.03.2019 വരെ |
| പ്രസിഡന്റ് (ഇൻചാർജ്) | അംബിക സുഭാഷ് | 22.11.2018 മുതൽ 09.12.2019 വരെ |
| സെക്രട്ടറി | ശ്രീ.പി. ബി.സുഭാഷ് | 01.04.2018മുതൽ 14.03.2019 വരെ |
| സെക്രട്ടറി (ഇൻചാർജ്) | പി.മനോജ് കുമാർ | 15.03.2019മുതൽ 31.03.2019 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫിസർ | ശ്രീ.കെ.ജെ.കുര്യാക്കോസ് | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | ശ്രീമതി.ബിനി. പി | 01.04.2018 മുതൽ 28.11.2018 വരെ |
| | ശ്രീമതി.റൂബി മാർക്ക്എടേഴത്ത് | 29.11.2018 മുതൽ 31.12.2018 വരെ |
| " | ശ്രീ.സന്തോഷ് എം.പി | 01.01.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.സുരേഷ് കുമാർ. ടി.വി. | 01.04.2018 മുതൽ 11.03.2019 വരെ |

| | | |
|---|---|---|
| ” | ഡോ.ഫിജ്ജ യൂസഫ് | 12.03.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. മായ. എൻ.എം. | 01.04.2018 മുതൽ 31.03.2019വരെ |
| വെറ്ററിനറി സർജൻ | ഡോ. ജോമി ജോൺ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ.(കാറളം സർക്കിൾ) | ശ്രീമതി. രാധിക സി.ബി. | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ.( മനവലശ്ശേരി സർക്കിൾ) | ശ്രീമതി. അജിത. പി.ബി. | 01.04.2018 മുതൽ 03.09.2018 വരെ |
| | ശ്രീമതി. ശ്രീദേവി കെ.എ. | 04.09.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.മനോജ് കുമാർ പി. | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സീന കെ. എസ്. | 01.04.2018 മുതൽ 19.04.2018വരെ |
| | ശ്രീമതി. രാഖി.വി.ബാബു | 20.04.2018മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ഇഷ മുരളി | 01.04.2018 മുതൽ 01.08.2018 വരെ |
| “ | ശ്രീമതി.അനില.ടി.തെയ്യശ്ശഞ്ചേരി | 02.08.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-11 |
| 12 | രശീതി ബുക്കുകളിലെ അപാകതകൾ | 1-12 |
| 13 | ലേലം സംബന്ധിച്ച അപാകതകൾ | 1-13 |
| 14 | കരാറുകാർ തൊഴിൽനികുതി അടവാക്കിയിട്ടില്ല | 1-14 |
| 15 | FTEAOS ലൈസൻസ് -പഴയ മാതൃക പിന്തുടരുന്നു | 1-15 |
| | | |

| | | |
|---|---|---|
| 16 | കളക്ഷൻ ചാർജ് തനത് വരുമാനമാക്കാവുന്നതാണ് | 1-16 |
| 17 | പെർമിറ്റ് എടുക്കാതെ കൂടുതലായി പണിത ഏരിയയ്ക്ക് പെർമിറ്റ് ഫീ, റഗുലറൈസേഷൻ ഫീ - എന്നിവ ഈടാക്കിയിട്ടില്ല | 1-17 |
| 18 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല | 1-18 |
| 19 | വസ്തുനികുതി - അപാകതകൾ | 1-19 |
| 20 | മരാമത്ത് പ്രവൃത്തികൾ-പൊതു അപാകതകൾ | 1-20 |
| 21 | പഞ്ചായത്ത് ഓഫീസ് ഫാബ്രിക്കേഷൻ-വ്യക്തമായ കാരണം കൂടാതെ പ്രവർത്തി അനിയന്ത്രിതമായി വൈകാനിടയായി | 1-21 |
| 22 | പ്രവർത്തി ദീർഘീകരണം നിയമാനുസൃത നടപടികളുടെ കുറവ് | 1-22 |
| 23 | 25.09.2017 ൽ എഗ്രിമെൻറ് വെച്ച അംഗൻവാടി മെയിൻറനൻസ് പ്രവൃത്തി പൂർത്തിയായത് 12.02.2019 ന് - അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-23 |
| 24 | കുട്ടിക്കൂട്ടം ചിൽഡ്രൻസ് പാർക്ക് നിർമ്മാണം - അപാകതകൾ | 1-24 |
| 25 | സെക്രട്ടറി നടപ്പിലാക്കിയ താഴെ ചേർക്കുന്ന പ്രോജക്ടുകളിൽ യു.സി ഇല്ലാത്തവയുടെ വിവരം താഴെ ചേർക്കുന്നു. ഇവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് | 1-25 |
| 26 | ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല | 1-26 |
| 27 | പൊതുടാപ്പ് വെള്ളക്കരം | 1-27 |
| 28 | കാറ്ററിംഗ് യൂണിറ്റിലേയ്ക്ക് സാധന സാമഗ്രികൾവാങ്ങൽ-പദ്ധതി | 1-28 |
| 29 | അംഗൻവാടിക്ക് സ്ഥലം വാങ്ങൽ. സ്ഥലം വാങ്ങിയത് പോക്കുവരവ് നടത്തി ഭൂ നികുതി അടവാക്കിയിട്ടില്ല | 1-29 |
| 30 | കന്നുകുട്ടി പരിപാലന പദ്ധതി | 1-30 |
| 31 | ആയുർവ്വേദ മെഡിക്കൽ ഓഫീസർ നടത്തിയ പദ്ധതികളുടെ അപാകതകൾ | 1-31 |
| 32 | റവന്യൂ റിക്കവറി . തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-32 |
| | ഭാഗം-2 | |
| 33 | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ -ഇല്ല | 2-1 |
| | ഭാഗം-3 | |
| 34 | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ -ഇല്ല | 3-1 |
| | ഭാഗം 4 | |
| 35 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 37 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 39 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 41 | ഓഡിറ്റ് റിക്കവറി | 4-7 |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 45 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 46 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |



# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

| | |
|---|---|
| പാസാക്കിയ തീയതി | 22/03/2018 |
| കമ്മിറ്റി തീരുമാനം നമ്പർ | 1 |
| പ്രതീക്ഷിത വരവ് | 120496563 |
| പ്രതീക്ഷിത ചെലവ് | 111682100 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 21-05-2019 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 62,25,737 |
| വരവ് | ₹ 8,04,99,338 |
| ആകെ | ₹ 8,67,25,075 |
| ചെലവ് | ₹ 7,68,20,552 |
| നീക്കിയിരിപ്പ് | ₹ 99,04,523 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | അലോട്ട്മെന്റ് പ്രകാരം തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം(ACR പ്രകാരം) | 0 | 12033000 | 12033000 | 11822632 | 210368 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8106000 | 8106000 | 7861000 | 245000 |
| വികസനഫണ്ട് | 0 | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| ടി.എസ്.പി. | | | | | |
| സംരക്ഷണഗ്രാന്റ് –റോഡ് | 0 | 7864000 | 7864000 | 7864000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2780000 | 2780000 | 2780000 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5468888 | 5468888 | 4426022 | 1042866 |
| എം.എൻ.ആർ.ഇ.ജി.എസ്. തൊഴിലാളികളുടെ കൂലി | | | | | |
| എം.എൻ.ആർ.ഇ.ജി.എസ്. അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 408555 | 530602 | 939157 | 92207 | 846950 |
| സാക്ഷരത | 11887 | 82303 | 94190 | 86579 | 7611 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ടോട്ടൽ സാനിട്ടേഷൻ | | | | | |
| ഐ.സി.ഡി.എസ്. | 342174 | 681192 | 1023366 | 520292 | 503074 |
| എം.പി. ഫണ്ട് | | | | | |
| സംസ്ഥാന ആവിഷ്കൃത ഫണ്ടുകൾ | | | | | |
| എം.എൽ.എ. ഫണ്ട് | 0 | 447167 | 447167 | 429366 | 17801 |
| കേരളോത്സവം | 45000 | 4000 | 49000 | 0 | 49000 |
| വിമുക്തി | 28700 | 25000 | 53700 | 31852 | 21848 |
| ജോയിൻറ് വെഞ്ചർ അക്കൗണ്ട് ബ്ലോക്ക് പഞ്ചായത്ത് | 100000 | 4623434 | 4723434 | 4023334 | 700100 |
| ജില്ലാ പഞ്ചായത്ത് | 100000 | 3372768 | 3472768 | 1913379 | 1559389 |
| തൊഴിൽ രഹിത വേതനം | 0 | 61200 | 61200 | 61200 | 0 |
| വാർദ്ധക്യകാല പെൻഷൻ | 0 | 19321300 | 19321300 | 19321300 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 0 | 6201000 | 6201000 | 6201000 | 0 |
| അവിവാഹിത പെൻഷൻ | 0 | 876100 | 876100 | 876100 | 0 |
| വിധവ പെൻഷൻ | 0 | 10964800 | 10964800 | 10964800 | 0 |
| വികലാംഗ പെൻഷൻ | 0 | 3097100 | 3097100 | 3097100 | 0 |
| മാര്യേജ് അസിസ്റ്റൻസ് | 0 | 120000 | 120000 | 120000 | 0 |
| പാഡി പ്രൊഡക്ഷൻ ബോണസ് | 0 | 300000 | 300000 | 300000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 8414252 | 8414252 | | |
| തനത് ഫണ്ട് – ബാങ്ക് അക്കൗണ്ട്(SBI) | 6258432 | | | | 7889329 |
| SBI കറണ്ട് അക്കൗണ്ട് | | | | | 90267 |
| ട്രഷറി അക്കൗണ്ട് | | | | | 573451 |
| JV STSB | | | | | 1190650 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 49720 | 959319 | 1009039 | 970441 | 38598 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 12247395 | 12247395 | 12247395 | 0 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തികരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 165 | 45615999 | 106 | 34753654 | 43 | 16 | 64 |

## 1-7 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 61200 | 37 |
| കർഷകതൊഴിലാളി പെൻഷൻ | 8642400 | 479 |
| വിധവാ പെൻഷൻ | 15858700 | 892 |
| വാർദ്ധക്യപെൻഷൻ | 28283600 | 1590 |
| വികലാംഗ പെൻഷൻ | 4471900 | 240 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1260700 | 71 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.01.2020 തീയതിയിൽ 3.00 പി.എം ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 9611/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ട വസ്തുതകൾ ചുവടെ ചേർക്കുന്നു.

1. ഈ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന വരവിനങ്ങളിലെ അപാകതകൾ പരിഹരിക്കേണ്ടതും തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2.വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്

3.പദ്ധതി രൂപീകരണ ഘട്ടം കഴിഞ്ഞ് നിർവ്വഹണം ആരംഭിക്കുമ്പോൾ വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ തുടർച്ചയായി മോണിറ്ററിംഗിന് വിധേയമാക്കണം. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല.

4.ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയില്ല. ആസ്തി രജിസ്റ്റർ നവീകരിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

5.മെറ്റീരിയൽ റിക്കവറി സെന്റർ,വനിതകൾക്ക് സ്വയംതൊഴിൽ പദ്ധതിക്ക് കെട്ടിടം എന്നീ പ്രൊജക്ടുകൾ എത്രയും വേഗം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

7.റോഡ് കണക്റ്റിവിറ്റി പ്ളാൻ, പദ്ധതി എന്നിവ തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ പ്രൊജക്ടുകൾ ആവിഷ്ക്കരിക്കേണ്ടതാണ്.

8.വാർഷിക കണക്കിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ്കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 12.12.2019, 13.12.2019 | 2019 ഒക്ടോബർ, നവംബർ | 2019 |
| അക്കൗണ്ടന്റ്ജനറൽ | 15.07.2019 | 2014-15 മുതൽ 2018-19 വരെ | 04.09.2019 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്. വിശദവിവരങ്ങൾ പട്ടികയായി താഴെ ചേർക്കുന്നു.

2.1തൻവർഷം

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 22,53,934 | 22,15,444 | 45,108 | 1010 |
| വാർഷികകണക്കിലെ | 22,53,934 | 23,52,437 | ഇല്ല. | *1010 |
| | | | | |

| | | | | |
|---|---|---|---|---|
| വിവിധ പത്രികകൾ പ്രകാരം | (ഇൻകം &എക്സിപെൻഡിച്ചർ അക്കൗണ്ട, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101- Advance collection-PT on Res.buildingന്റെ ലെഡ്ജർ) | *( 1061/105X100)= 1010<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 8,92,835 | 8,54,456 | 17,193 | 22,741 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 8,92,835 | 7,12,133 | ഇല്ല. | *22,742 |
| | (ഇൻകം &എക്സിപെൻഡിച്ചർ അക്കൗണ്ട, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104- Advance collection-PT on NR.buildingന്റെ ലെഡ്ജർ) | *(23879 /105X100)<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 35,742 | 35,589 | 1451 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *17,919 | 35,083 | **1499 |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(11,374+7441=18815/105*100)=17,919 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (1574/105X100)=1499 |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 22,546 | 18,354 | 4,292 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 5418* | 17,560 | **4305 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*<br>(1658+4031=5689/105*100)=5418 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **<br>(4520/105X100)=4305,<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 114838 | 1863 | 116701 | 112552 | 1786 | 114338 | 2451 | | 51 | 123 | 51 |
| | നോൺ-റെസിഡൻഷ്യൽ | 45020 | 1247 | 46267 | 43030 | 919 | 43949 | 893 | | 1138 | 228 | 1356 |
| | ആകെ | | | 162968 | | | 158287 | 3344 | | 1407 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 163025 | | | 159081 | | | ഇല്ല. | 161588 | 1407 | | |
| | | 1184+161841=163025 =(2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 - State govt . Cess/levies...... ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt . Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് - (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1,.2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ( The amount shown in the column “Balance of previous year remitted advance tax after adjustment as per advance register against this building”എന്ന കോളം പ്രകാരം) |
|---|---|---|---|
| 1 | 350410101-Advance collection of revenues - Property tax on Residential building | 7,614 | 1,64,217 |
| 2 | 350410101-Advance collection of | 1,517 | 1,55,679 |

| | | | |
|---|---|---|---|
| | revenues - Property tax on Non-Residential building | | |

2.6 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ കാറളം ഗ്രാമപഞ്ചായത്തിൽ 159 പുതിയ കെട്ടിടങ്ങൾക്കും 7 അനധികൃത കെട്ടിടങ്ങൾക്കും വസ്തു നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ "110100101-Property tax on residential buiding"എന്ന ശീർഷകത്തിലേയും "110100103-Property tax on non residential buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 28/6/18 ലും 31/3/2019ലും 2 എന്ട്രികളിലൂടെ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.7 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 1,59,081 രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 1,58,287 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State govt cesses/levies in Property tax control account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 161588 രൂപയാണ്.(വൌച്ചർ 41800408 മുതൽ 41800413 വരെ തീ31/3/2019 )(പട്ടിക 2.3 കാണുക )

3.ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

3.1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

3.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3.3 ലൈബ്രറി രജിസ്റ്റർ.

3.4 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

4.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ

മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2019 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance collection of revenues-Profession tax /inst/trad/prof | 540 |
| 2. | വസ്തു നികുതി റെസിഡെൻഷ്യൽ | 350410101- Advance collection of Revenues-Property tax on residential building | 7,614 |
| 3. | വസ്തു നികുതി നോൺ റെസിഡെൻഷ്യൽ | 350410101- Advance collection of Revenues-Property tax on non residential building | 1,517 |
| 4 | ഡി &ഒ | 350410301-Advance collection of revenues-Licence fees for dangerous and offensive trades | 1,24,755 |

5.ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം “280000000-Prior Period item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് ,ഷെഡ്യൂൾ I-18) | 31/3/201 9ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | 1,39,110 cr. |
| 280100104-Prior period income-Property tax on non residential buildings | 41,938 dr. |
| 280200201-Prior period income-Licence fees | 300cr |
| 280200401-Prior period income-Other income | 695 cr |
| 280200402-Prior period income-Recovery of unutilized grant | 8,500 cr |
| 280500101-Prior period expenses -Tax remission and refund property tax on residential building | 15042 dr |
| 280600401-Prior period expenses – Recovery of unutilized grants to government | 2200 cr. |

6.കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ

തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

7.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

8.വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 36,78,786 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 93,77,336രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

9.തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

തൊഴിലുറപ്പ് പദ്ധതി വിഭാഗം ഹാജരാക്കിയ കണക്ക് പ്രകാരം 2018-19 വർഷത്തെ ആകെ ചെലവ് 91,57,959 ആകുന്നു. എന്നാൽ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ഷെഡ്യൂൾ i-6 പ്രകാരം വരുമാനം 95,50,386 രൂപയും ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ഷെഡ്യൂൾ i-14(a) പ്രകാരം ചെലവ് 95,51,035 രൂപയാണ്. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള വരുമാനവും ചെലവും പൊരുത്തപ്പെടേണ്ടിയിരുന്നതും ആയത് തൊഴിലുറപ്പ് പദ്ധതി വിഭാഗം തയ്യാറാക്കുന്ന കണക്കുകളുമായി പൊരുത്തപ്പെടേണ്ടിയിരുന്നതുമാണ്. കണക്കുകൾ പൊരുത്തപ്പെടുത്തേണ്ടതാണ്.

10.പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുള്ളതും മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ 2017-18, 2018-19 എന്നിവയിലെ ബാലൻസ്ഷീറ്റിലെ തുകകളുമായി യഥാക്രമം പൊരുത്തപ്പെടുന്നുമുണ്ട്. എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള വരവ്, റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ് എന്നിവ പൊരുത്തപ്പെടാത്ത ഇനങ്ങൾ ചുവടെ ചേർക്കുന്നു. ACR പ്രകാരമുള്ള വരവും ചെലവും വാർഷികകണക്കുപ്രകാരമുള്ള വരവും വ്യത്യസ്ത ശീർഷകത്തിലുള്ള ചെലവും പരിശോധിച്ച് പൊരുത്തപ്പെടുത്തേണ്ടതാണ്.

| ക്ര.ന | ശീർഷകം | ACR പ്രകാരമുള്ള വരവ് | Receipt and payment പ്രകാരമുള്ള വരവ് |
|---|---|---|---|
| 1 | 320800101-Beneficiary contribution | 344560 | 313560 |
| 2 | 320100121-Centrally sponsered scheme-ICDS | 681192 | 560900 |

11.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18 ൽ " 460500202-Advance to implementing Agencies-Deposit with Kerala Electricity board " എന്ന ശീർഷകത്തിൽ 31/3/2019ൽ 7,844 രൂപ ബാക്കി കാണുന്നു.അഡ്വാൻസ് രജിസ്റ്ററിൽ ഈ തുക ചേർത്തിട്ടില്ല. എന്നാൽ ഇത് ഏതെങ്കിലും ഡെപ്പാസിറ്റ് പ്രവൃത്തി ചെയ്യുന്നതിന് നല്കിയ മുൻകൂർ തുകയല്ല, മറിച്ച് ഇലക്ട്രിസിറ്റി കണക്ഷൻ ഡെപ്പോസിറ്റ് ആണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഇത് ഈ ശീർഷകത്തിൽ നിന്നും മാറ്റേണ്ടതാണ്.

12.31/3/2018 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം "312100101- Capital contribution" എന്ന ശീർഷകത്തിലെ അതേ തുകയാണ് 31/3/2019 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. ലെഡ്ജർ പരിശോധിച്ചതിൽ നിന്നും തൻവർഷം രേഖപ്പെടുത്തലുകളൊന്നും വരുത്തിയിട്ടില്ല എന്ന് കാണുകയുണ്ടായി. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "312100101-Capital contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income and expenditure account പ്രകാരം

കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

13.ലൈബ്രറി അംഗത്വഫീസിനത്തിലുള്ള വരുമാനം നിലവിൽ ക്യാഷ് അടിസ്ഥാനത്തിലാണ് രേഖപ്പെടുത്തുന്നത്. അത് അക്രൂവൽ അടിസ്ഥാനത്തിൽ രേഖപ്പെടുത്താനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

# 1-12 രശീതി ബുക്കുകളിലെ അപാകതകൾ

പഞ്ചായത്തിലെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നല്കിയിട്ടുള്ള രശീതു ബുക്കുകളിൽ വന്നിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു

1. രശീതു ബുക്കുകൾക്ക് കളക്ഷൻ രജിസ്റ്റർ എഴുതി പരിപാലിക്കുന്നില്ല.

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. യ്ക്ക് അനുവദിച്ച രശീതു ബുക്ക് നം.44538 പ്രകാരം 30.08.2019 തീയതിയിൽ ഗുണഭോക്താക്കളിൽ നിന്നും 5400/- പിരിച്ചെടുത്തെങ്കിലും 5200/- മാത്രമേ പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതായി ഓഡിറ്റിൽ കാണുകയും ബാക്കി തുക (200/-) സംബന്ധിച്ച് എൻക്വയറി (നം.8/10.01.2020) നല്കുകയും ചെയ്തപ്പോൾ, തുക ഗ്രാമപഞ്ചായത്തിൽ രശീത് നം.119030103326/14.1.2020 ആയി അടവാക്കുകയുണ്ടായി. രശീതു ബുക്ക് പ്രകാരം പിരിച്ചെടുക്കുന്ന തുകകൾ രേഖപ്പെടുത്തുന്നതിനായി കളക്ഷൻ രജിസ്റ്റർ എഴുതി പരിപാലിക്കുന്നില്ല. ആയത് എഴുതിവന്നിരുന്നുവെങ്കിൽ മേൽ അപാകത ഒഴിവാക്കാമായിരുന്നു.

2. രശീതു ബുക്കിന്റെ ഉപയോഗശേഷം ബാക്കി വരുന്ന പേജുകൾ ക്യാൻസൽ ചെയ്യുകയോ കീറുകയോ ചെയ്തിട്ടില്ല.

ഉദാ:-രശീതു ബുക്ക് നം.44532 {AE (MNREGS)}, 21 പേജുകൾ മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ.

രശീതു ബുക്ക് നം.6574 , 10 പേജുകൾ മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ.

രശീതു ബുക്ക് നം.6593 , 63 പേജുകൾ മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ.

രശീതു ബുക്ക് നം.44538 , 20 പേജുകൾ മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ.

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 83 പ്രകാരം ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളൊഴികെയുള്ള എല്ലാ അവസരങ്ങളിലും ലഭിച്ച രശീതിബുക്ക് പൂർണ്ണമായി ഉപയോഗിച്ച് തീരുകയും കൗണ്ടർഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രസീത് ബുക്ക് നല്കാൻ പാടില്ലാത്തതാണ്. പഴയ രസീത്ബുക്കിലെ പേജുകൾ ബാക്കി നില്ക്കേ, ആയത് ക്യാൻസൽ ചെയ്തിട്ടുണ്ടോ എന്ന പരിശോധിച്ചശേഷമേ പുതിയത് അനുവദിക്കാൻ പാടുള്ളൂ. രസീത്ബുക്കിലെ പേജുകൾ ഏതെങ്കിലും അവസരത്തിൽ ദുരുപയോഗം ചെയ്യപ്പെട്ടാൽ ഗ്രാമപഞ്ചായത്തിന് അതിൽ ഉത്തരവാദിത്തമുണ്ടായിരിക്കുകയും ചെയ്യും.

3. രശീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

ഉദാ:-

| രശീതുബുക്ക് നം. | രശീത് നം |
|---|---|
| 6583 | 69 |
| 6587 | 66 |
| 6591 | 88 |
| 44556 | 17 |

4. ഓരോ രശീതുബുക്കിന്റെയും പേജുകളുടെ എണ്ണം സാക്ഷ്യപ്പെടുത്തുന്ന 'സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്'' രശീതുബുക്കിൽ രേഖപ്പെടുത്തേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

ഉദാ:- i. 'സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്'' രേഖപ്പെടുത്താത്തവ – രശീതുബുക്ക് നം. 44554, 44555, 44558

ii.'സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്'' രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്താത്തവ – രശീതുബുക്ക് നം. 6589, 6592

5. രശീതുകൾ ഇഷ്യൂ ചെയ്യുന്ന തീയതി രശീതുബുക്കിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

മേൽസൂചിപ്പിച്ച അപാകതകൾ ആവർത്തിക്കാതിരിക്കാൻ പഞ്ചായത്ത് ജാഗ്രത പുലർത്തേണ്ടതാണ്.

# 1-13 ലേലം സംബന്ധിച്ച അപാകതകൾ

ഗ്രാമപഞ്ചായത്തിലെ ഓഫീസ് കോമ്പൗണ്ടിൽ സ്ഥിതി ചെയ്തിരുന്ന 2 മഹാഗണി മരങ്ങളും ഒരു ഞാവൽമരവും മുറിച്ച് മാറ്റുന്നതിന് വനംവകുപ്പ് നിശ്ചയിച്ച മൂല്യത്തിൽ ലേലം കൊള്ളാൻ ആരും തയ്യാറാകാത്തതിനാൽ വീണ്ടും മൂല്യം

നിശ്ചയിച്ച നല്കാൻ പഞ്ചായത്ത് ആവശ്യപ്പെട്ടപ്പോൾ കത്ത് നം. എസ്.എഫ് 2-2814/17/തീ.09.07.2018 പ്രകാരം അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഇപ്രകാരം മറുപടി നല്കിയിട്ടുണ്ട് : "ലേലം സ്ഥിരീകരിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിവേചനാധികാരമുപയോഗിച്ച് നിയമാനുസൃതം തീരുമാനമെടുക്കാവുന്നതാണ്. ഇപ്രകാരം തീരുമാനമെടുക്കുമ്പോൾ പ്രസ്തുത തുകയിന്മേൽ നിയമാനുസൃതം ഫോറസ്റ്റ് ഡെവലപ്പമെന്റ് ടാക്സ് കണക്കാക്കി ഈ ഓഫീസിലേക്ക് അടയ്ക്കേണ്ടതാണ്. ”

16.08.2018 ൽ ലേലം ഉറപ്പിച്ച ശ്രീ. സി.എം.തോമസ് ലേലത്തുകയായ 42200/- രൂപ അടവാക്കിയിട്ടുണ്ട്. ജി.എസ്.ടി. തുകയായ 7596/- (CGST 9%, SGST 9%) രൂപയും എഫ്.ഡി.ടി. (5%) തുകയായ 2110/- അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറി (നം. 10/ 10.01.2020) ക്ക് മറുപടി ലഭ്യമായില്ല. ആയത് Rt.No. 118030101626/ 15.09.2018 പ്രകാരം അടവാക്കിയിട്ടുണ്ട് എന്ന് പഞ്ചായത്ത് വാക്കാൽ അറിയിച്ച എങ്കിലും പരിശോധിക്കാൻ സാധിച്ചില്ല.

മാത്രമല്ല ഫോറസ്റ്റ് ഡെവലപ്പമെന്റ് ടാക്സ് ഇനത്തിലുള്ള 2110/- രൂപ, കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഓഫീസിൽ അടവാക്കേണ്ടതാണ്.

<u>കരാർ രേഖ പൂർണ്ണമല്ല</u>

ലേലം കൊണ്ട വ്യക്തിയുമായി 200/-രൂപയുടെ മുദ്രപ്പത്രത്തിൽ 7 ദിവസത്തിനകം കരാറിൽ ഒപ്പ് വയ്ക്കണമെന്ന് പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ് നം. എ1-3236/17/തീ.12.9.2018-ൽ വ്യക്തമാക്കുന്നുണ്ട്. കരാർ ചമയ്ക്കേണ്ടതായ 200/- രൂപയുടെ മുദ്രപ്പത്രത്തിൽ ലേലം കൊണ്ട വ്യക്തിയുടെ ഒപ്പ് മാത്രമേയുള്ളൂ, മറ്റു രേഖപ്പെടുത്തലുകൾ ഒന്നും തന്നെ വരുത്തിയിട്ടില്ല. ആയത് രേഖപ്പെടുത്തേണ്ടതാണ്.

# 1-14 കരാറുകാർ തൊഴിൽനികുതി അടവാക്കിയിട്ടില്ല

2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ മരാമത്ത് പണികളുടെ കരാറിലേർപ്പെട്ട താഴെ പറയുന്ന 9 കരാറുകാരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

1. പയസ്.എം.വി.
2. ബിജു ടോം
3. ഉണ്ണികൃഷ്ണൻ.ടി.എൻ.
4. ജയരാജൻ പി. എസ്.
5. രാധ അശോകൻ
6. അനന്തരാമൻ
7. മെരീബ എ. ഡി.
8. സെനിത്ത് പയസ്
9. അശോകൻ

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 9/10.01.2020) ലഭ്യമാക്കിയ മറുപടിയിൽ പറയുന്നത്, 2018-19 വർഷത്തിൽ കരാറുകാർക്ക് തൊഴിൽനികുതി അടവാക്കുന്നതിന് കത്ത് നല്കിയെങ്കിലും ആരും അടവാക്കിയിട്ടില്ലെന്നും കരാറുകാരിൽനിന്നും തൊഴിൽനികുതി ഈടാക്കുന്നതിനായി പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്യുന്നതിനും കരാറുകാർക്ക് കത്ത് നല്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ് എന്ന് അറിയിച്ചിട്ടുണ്ട്.

# 1-15 FTEAOS ലൈസൻസ് -പഴയ മാതൃക പിന്തുടരുന്നു

31.10.17-ലെ സ.ഉ (സാധാ) നം. 80/2017/ത.സ്വ.ഭ.വ പ്രകാരം ഡി & ഒ ലൈസൻസ് എന്നത് FTEAOS ലൈസൻസ് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടതിന് 31.10.17 മുതൽ പ്രാബല്യമുണ്ട്. മേൽ പറഞ്ഞ ഭേദഗതിയുടെ അടിസ്ഥാനത്തിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ട ലൈസൻസ് തുക, ലൈസൻസിന്റെ മാതൃക എന്നിവ പുതുക്കേണ്ടതാണ്. എന്നാൽ 2018-19 വർഷത്തിൽ ലൈസൻസുകളെല്ലാം പഴയ മാതൃകയിലാണ് നൽകിയിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ., എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം

(ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് 2018-19 സാമ്പത്തിക വർഷത്തിൽ മുന്നൂറോളം അപേക്ഷകരിൽ നിന്നായി ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും, ഏത് മാനദണ്ഡപ്രകാരമാണ് ഫീസ് ഈടാക്കിയത് എന്ന് വ്യക്തമല്ല. അപേക്ഷയിലോ അനുബന്ധരേഖകളിലോ പരിശോധന റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല.

# 1-16 കളക്ഷൻ ചാർജ് തനത് വരുമാനമാക്കാവുന്നതാണ്

2018-19 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി 199870/- രൂപ കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഗ്രാമപഞ്ചായത്ത് അടവാക്കിയിട്ടുണ്ട്. 1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ഗ്രാമപഞ്ചായത്ത് ഇതിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം തനത് വരുമാനമാക്കിയിരുന്നില്ല. തുടർ വർഷങ്ങളിൽ നിയമപ്രകാരമുള്ള ഈ തുക തനത് വരുമാനമാക്കുവാൻ നടപടി സ്വീകരിക്കാവുന്നതാണ്.

# 1-17 പെർമിറ്റ് എടുക്കാതെ കൂടുതലായി പണിത ഏരിയയ്ക്ക് പെർമിറ്റ് ഫീ, റഗുലറൈസേഷൻ ഫീ - എന്നിവ ഈടാക്കിയിട്ടില്ല

പഞ്ചായത്തിലെ ഒൻപതാം വാർഡിലെ 579(1) കെട്ടിട നമ്പർ ഉടമയായ ശ്രീ. സന്തോഷ്കുമാർ, കല്ലട ഹൗസ്, താണിശ്ശേരി, 732.33 ച.മീ. വലുപ്പത്തിലുള്ള രണ്ടുനില ടെറസ് കെട്ടിടം പണിതിട്ടുള്ളതിൽ 155.08 ച.മീ. അനുമതി ലഭിക്കാതെ കൂടുതലായി പണിതിട്ടുള്ളതാണ്. ബിൽഡിംഗ് ടാക്സ് - 4944/- ലൈബ്രറി സെസ്സ് - 248/- എന്നിവ 2018-19 വർഷത്തിൽ ഈടാക്കിയിട്ടുണ്ട് . എന്നാൽ പെർമിറ്റ് എടുക്കാതെ പണിത 155.08 ച.മീ. ഏരിയയ്ക്ക് പെർമിറ്റ് ഫീ - 466/-, റഗുലറൈസേഷൻ ഫീ - 931/- എന്നിവ ഈടാക്കാവുന്നതാണ് എന്ന് മേൽ കെട്ടിടം സംബന്ധിച്ച ഫയലിലെ 22.02.2018 ലെ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് ഈടാക്കിയതായി സോഫ്റ്റ്വെയർ പരിശോധനയിൽ വ്യക്തമായില്ല. മേൽ തുക ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/ 15.01.2020) മറുപടി ലഭ്യമായില്ല. ടിയാളിൽനിന്നും പെർമിറ്റ് ഫീ, റഗുലറൈസേഷൻ ഫീ എന്നിവ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-18 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല

1) ഭാരതി ഇൻഫ്രാടെൽ വെള്ളാനി - ടവറിന് 24.01.2008 തീയതിയിൽ KBR/110/07-08 നമ്പറായി പെർമിറ്റ് അനുവദിച്ചിട്ടുള്ളതും 10062/- രൂപ പെർമിറ്റ് ഫീ 24.01.20018 ലെ 13/31667 നമ്പർ രശീതുപ്രകാരം അടവാക്കിയിട്ടുള്ളതുമാണ്. പ്രസ്തുത ടവറിന് നമ്പർ നല്കി നികുതി നിശ്ചയിച്ചിട്ടുള്ളതിന്റെയും നികുതി കുടിശ്ശികയുടെയും വിവരങ്ങൾ ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി (നം.26/ 15.01.2020) - ക്ക് പ്രസ്തുത ടവറിന്റെ നമ്പറിംഗിനായി നാളിതുവരെ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതും ആയതിനാൽ അന്വേഷിച്ച് തുടർനടപടി സ്വീകരിക്കുന്നതുമാണ് എന്ന് മറുപടി നല്കിയിട്ടുണ്ട്. വസ്തുനികുതി ഈടാക്കുന്നതിന് സത്വരനടപടി കൈക്കൊള്ളേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2) പഞ്ചായത്തിലെ 10-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന 308/2/MT നമ്പർ എ.ടി.സി. ടെലികോം ടവർ , കോർപറേഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 2018-19 ലെ വസ്തുനികുതി തുക 22132/- കുടിശ്ശികയുള്ളതായി, മൊബൈൽ

ടവറുകളുടെ വസ്തുനികുതി സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നം.16/ 14.01.2020) - ക്ക് മറുപടി നല്കിയിട്ടുള്ളതാണ്. മേൽ തുക വസൂലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-19 വസ്തുനികുതി - അപാകതകൾ

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ , 14.01.2011ലെ സ.ഉ.(അ) 19/2011/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ്, ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപനം എന്നിവ പ്രകാരം

കാറളം ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 40/- രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ ആകെ തറ വിസ്തീർണ്ണമുള്ളവ: 60/- രൂപ / ച.മീ.

ചെറിയ തറ വിസ്തീർണ്ണത്തിൽ (100ച.മീ. താഴെ) തിരിച്ച ഷോപ്പ് റൂമുകളടങ്ങിയതും എന്നാൽ ആകെ തറ വിസ്തീർണ്ണം 100ച.മീറ്ററിനു മുകളിൽ വരുന്നതുമായ വിവിധ വാണിജ്യ കെട്ടിടങ്ങൾക്ക് അവയുടെ തറ വിസ്തീർണ്ണം മൊത്തമായി പരിഗണിക്കാതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 100ചതുരശ്ര മീറ്ററിനു മുകളിൽ വരുന്നതും മുകളിൽ പരാമർശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ വിവിധ നമ്പറുകൾ അനുവദിച്ച റൂമുകളോടു കൂടിയ ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി 60/- രൂപ പരിഗണിക്കേണ്ടതിനു പകരം 40/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത്.

ഉദാ:- VII/99(1) മുതൽ 99(9) എന്ന നമ്പറുകളിലുള്ള ശ്രീ.ഷിബു കുന്നത്ത് , കിഴുത്താണി എന്ന വ്യക്തിയുടെ (സർവ്വേ നം. 1313/4) വാണിജ്യാവശ്യത്തിനുള്ള 100ച.മീ. വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമത്തിലുള്ള വാണിജ്യ കെട്ടിടത്തിന് സഞ്ചയ സോഫ്റ്റ്‌വെയർ ഡാറ്റയും ഫയൽപ്രകാരവും 246.58 ച.മീ. തറവിസ്തീർണ്ണമാണുള്ളത്. ഈ കെട്ടിടത്തിന് നികുതി നിർണ്ണയിച്ചിരിക്കുന്നത് രൂ.40/ച.മീ. എന്ന നിരക്കിലാണ്. എന്നാൽ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.ക്ക് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ എന്നിവയ്ക്ക് കാറളം ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിരിക്കുന്ന നികുതി നിരക്ക് രൂ.60/ച.മീ. എന്നതാണ്. വസ്തുനികുതി പുനർനിർണ്ണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-20 മരാമത്ത് പ്രവൃത്തികൾ-പൊതു അപാകതകൾ

2018-19 വർഷം ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 77 പദ്ധതികൾ തയ്യാറാക്കി. 59 പ്രൊജക്ടുകൾ നടപ്പിലാക്കി.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 77 | ആകെ അടങ്കൽ | 3,28,24,496 |
| നടപ്പിലാക്കിയത് | 59 | ചെലവ് | 21,58,8252 |
| ശതമാനം | 77 | ചെലവ് ശതമാനം | 66 |

പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും ശ്രദ്ധയിൽപ്പെട്ട താഴെ പറയുന്ന അപാകതകൾ പരിഹരിക്കാൻ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1. റോഡ് കണക്റ്റിവിറ്റി പ്ലാൻ, മാപ്പ്,ആസ്തി സംരക്ഷണ പദ്ധതി എന്നിവ തയ്യാറാക്കിയിട്ടില്ല.

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി പ്ലാനും റോഡ് കണക്റ്റിവിറ്റി മാപ്പും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതൽ സർക്കാരിന്റെ നിർദ്ദേശമുള്ളതാണ്. ഏതൊരു റോഡ് നിർമ്മാണ പ്രോജക്റ്റിനോടൊപ്പവും റോഡ് കണക്റ്റിവിറ്റി മാപ്പിൽ പ്രൊജക്റ്റിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗ രേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.2018-19 വർഷത്തേക്കുള്ള പദ്ധതി മാർഗ്ഗ രേഖ {സ.ഉ(കൈ)നം.11/2018/തസ്വഭവ,തിരു.തീയതി:29.1.2018} ഖ.7.13(1)ലും ടി നിർദ്ദേശം ആവർത്തിക്കുന്നു. മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും

റോഡ് പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളത് എന്നിരിക്കെ സർക്കാരിന്റെ ആവർത്തിച്ചുള്ള നിർദ്ദേശമുണ്ടായിട്ടും ഗ്രാമ പഞ്ചായത്ത് റോഡ് കണക്റ്റിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടില്ല. കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.(മാർഗ്ഗരേഖ ഖ.6.7 നിർദ്ദേശങ്ങൾ)

2.സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.

പ്രൊജക്റ്റ് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ് . പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ മരാമത്ത് പ്രവർത്തികളുടെ മോണിറ്ററിംഗ് ഇപ്രകാരം നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3.പിഡബ്ള്യുഡി മാന്വൽ വ്യവസ്ഥകൾ-പാലിക്കപ്പെടുന്നില്ല.
കരാർ ചമക്കൽ , പ്രവൃത്തി പൂർത്തീകരണ കാലാവധി, നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ചുമത്തൽ എന്നിവയിൽ പൊതുമരാമത്ത് മാന്വലിലെ നിർദേശങ്ങൾ പഞ്ചായത്തിൽ പാലിക്കുന്നില്ല എന്ന് കാണുന്നു.GO(P)13/2012/ PWD/1.1.2012പ്രകാരമുള്ള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2012,201-1എന്നിവ പ്രകാരം കരാറുകാരൻ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി എ.ഇ മുഖേന, കാലാവധി തീരുന്നതിനു മുമ്പായി അപേക്ഷിക്കേണ്ടതും എ.ഇ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഒറ്റത്തവണ ഒറിജിനൽ സമയത്തിൻറെ 25% അല്ലെങ്കിൽ ആറുമാസം ( ഏതാണ് കുറവ് അത്) 1% ഫൈൻ നിരക്കിൽ ദീർഘിപ്പിച്ചു നൽകാവുന്നതാണ്, തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം, എന്നാൽ കരാറുകാരൻ അപ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷിക്കുകയോ കാലാവധി ദീർഘിപ്പിച്ച് നൽക്കുകയോ ചെയ്തിട്ടില്ല.എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തികരണസമയത്തിന്റെ 50% ത്തിൽ ആധികരിക്കാവുന്നതല്ല. ഈ കാലാവധിക്കുശേഷവും പൂർത്തികരിക്കാത്ത പ്രവൃത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് 2012 PWD മാന്വലിലെ മേൽ നിബന്ധനകൾ അല്ല പഞ്ചായത്തിൽ കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് നടപടിക്രമങ്ങൾ പാലിക്കുന്നതായും കാണുന്നില്ല. പരിഷ്കരിച്ച പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള മേൽപറഞ്ഞ പിഴ വ്യവസ്ഥകൾ കരാറിന്റെ ഭാഗമാക്കാൻ മേൽനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-21 പഞ്ചായത്ത് ഓഫീസ് ഫാബ്രിക്കേഷൻ-വ്യക്തമായ കാരണം കൂടാതെ പ്രവൃത്തി അനിയന്ത്രിതമായി വൈകാനിടയായി

പ്രവർത്തിയുടെ പേര്. പഞ്ചായത്ത് ഓഫീസ് ഫാബ്രിക്കേഷൻ.

So 138/19

നി.ഉ.അസി.എഞ്ചിനീയർ

കരാറുകാരൻ. പയസ്.എം.വി

എഗ്രിമെന്റ് നമ്പർ. A1/AE/LSGD/KLM/17-18 തിയ്യതി.30/11/2017

തുക.1296011

ബിൽ നമ്പർ.121/ dt.23/03/2019

കരാറുകാരൻ.പിയൂസ്.എ.ഡി

ഈ പ്രവർത്തിയുമായി ബന്ധപ്പെട്ട് താഴെ ചേ.ർക്കുന്ന നിരീക്ഷണങ്ങൾക്ക് മറുപടി നൽകേണ്ടതാണ്.

1. ഈ പ്രവർത്തിയുടെ എഗ്രിമെന്റ് ഒപ്പു വെച്ചിരിക്കുന്നത് 30/11/2017 തിയ്യതിയിലാണ്. 27/09/2017 ലെ ടെക്നിക്കൽ സാങ്ഷൻ ഓർഡർ നമ്പർ 121437 പ്രകാരം കാലാവധി 5 മാസമായി നിജപ്പെടുത്തിയിട്ടുണ്ട്. എഗ്രിമെൻറ് തിയ്യതി വച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്തതായും രേഖയുണ്ട്.മേൽ പ്രകാരം ഈ പ്രവർത്തി 30/04/2018 ന് തീരേണ്ടതായിരുന്നു. പ്രവർത്തി സമയബന്ധിതമായി തീർക്കാതിരുന്നതിന്റെ കാരണം നിലവിൽ എവിടേയും വ്യക്തമാക്കിയിട്ടില്ലാത്തതാണ്.

2.12/06/2018 തിയ്യതിയിലെ 5/1 നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. നിർവ്വഹണോദ്യോഗസ്ഥന്റെ ശുപാർശ പ്രകാരമാണ് കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളത് എന്നു കാണുന്നു. 30/04/2018 ന് തീരേണ്ടിയിരുന്ന പ്രവർത്തിയുടെ എസ്റ്റിമേറ്റ് 12/06/2018 ന് റിവൈസ് ചെയ്തതിന്റെ സാധുത വ്യക്തമല്ല.

3.ഹാജരാക്കിയ എം ബുക്ക് പരിശോധിച്ചു.(83/17-18). പേജ് 1 മുതൽ മെഷർമെൻറ് തിയ്യതി രേഖപ്പെടുത്തി കാണുന്നത് 3/10/2018 മുതൽക്കാണ്.അതായത് 30/11/2017 മുതൽ 10/2018 വരെ ഈ പ്രോജക്ടിൽ ഒരു പ്രവർത്തിയും നടത്തിയിട്ടില്ല. ഇതിന്റെ കാരണം നിർവ്വഹണോദ്യോഗസ്ഥൻ കരാറുകാരനോട് എവിടേയും ചോദിച്ചിട്ടില്ല. തന്റേതല്ലാത്ത കാരണത്താലല്ലെങ്കിൽ പ്രവർത്തി സമയം നീട്ടിത്തരണമെന്ന് കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥന് കത്ത് നൽകിയിട്ടില്ല. സമയം നീട്ടിനൽകി , നൽകുന്ന സമയം നിജപ്പെടുത്തി സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കണമെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനനമെടുത്തിട്ടില്ല.

4.ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്. ഇ ടെൻഡർ സൈറ്റിൽ പ്രസിദ്ധീകരിച്ച ബിഡ് ഡോക്യുമെന്റ് പ്രകാരം സ്ടക്ചറൽ വർക്ക് പൂർത്തിയാകുന്നതു വരെ വർക്ക് സസ്പെൻഡ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട് എന്നും അതനുസരിച്ച് സസ്പെൻഡ് പീരീഡിനകത്താണ് എഗ്രിമെന്റ് ഒപ്പിട്ടത് എന്നും സസ്പെൻഡ് പിരീഡ് തീർന്നതിനെത്തുടർന്ന് പണി തീർത്തിട്ടുണ്ട് എന്നും അറിയിച്ചിരിക്കുന്നു.എന്നാൽ താഴെ ചേർക്കുന്ന കാരണങ്ങളാൽ ഈ മറുപടി നിലവിൽ അംഗീകരിക്കാൻ സാധിക്കുകയില്ല.

എ) ഇ- ടെൻഡർ സൈറ്റിൽ പ്രസിദ്ധീകരിച്ച ബിഡ് ഡോക്യുമെന്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ബി)സസ്പെൻഡ് പീരീഡിനകത്താണ് എഗ്രിമെന്റ് വയ്ക്കുന്നത് എന്ന് എഗ്രിമെന്റിൽ സൂചിപ്പിച്ചിട്ടില്ല. സസ്പെൻഡ് കാലം എത്രയെന്ന് എവിടേയും രേഖപ്പെടുത്തിയിട്ടില്ല.

സി) സസ്പെൻഡ് കാലം കഴിഞ്ഞാൽ വീണ്ടും യഥാർത്ഥ എഗ്രിമെന്റ് കാലം അനുവദിക്കാമെന്നുണ്ട്. എന്നാൽ ആയത് വ്യക്തമാക്കാത്തിടത്തോളം കാലം പ്രവർത്തി സമയബന്ധിതമായി പൂർത്തീകരിച്ചു എന്നുറപ്പാക്കാനാവില്ല.

ഡി) പ്രവർത്തി സസ്പെൻഡ് ചെയ്തത് സാധൂകരിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടില്ല.

നടപടിക്രമങ്ങളിലെ അവ്യക്തത പ്രവർത്തികൾ അനിയന്ത്രിതമായി നീണ്ടു പോയിട്ടും സമയബന്ധിതമായി ഇടപെടുന്നതിൽ നിന്ന് നിർവ്വഹണാധികാരികളെ തടഞ്ഞു നിർത്തുന്നതായി മനസ്സിലാക്കുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ജാഗ്രത പുലർത്തേണ്ടതാണ്.

# 1-22 പ്രവൃത്തി ദീർഘീകരണം നിയമാനുസൃത നടപടികളുടെ കുറവ്

പ്രവർത്തിയുടെ പേര്. പഞ്ചായത്ത് ഓഫീസ് ഫാബ്രിക്കേഷൻ.

So 163/19

നി.ഉ.അസി.എഞ്ചിനീയർ

കരാറുകാരൻ. പയസ്.എം.വി

എഗ്രിമെന്റ് നമ്പർ. 43/AE/LSGD/KLM/18-19 തിയ്യതി.18/11/2018

ഈ പ്രവർത്തിയുടെ കാലയളവ് LSGD/TS/2018-19 /97702 തിയ്യതി 28/09/2018 പ്രകാരം 6 മാസമാണ്. 24.12.2018 തിയ്യതിയിലെ 2/1 നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. നിയമാനുസൃതം 28/03/2019 ൽ അവസാനിക്കേണ്ട പ്രവർത്തിയുടെ ആദ്യബിൽ മാത്രമേ മാറിയിട്ടുള്ളു. ആകെ പ്രവർത്തിമൂല്യം 422665 മാത്രമാണ്. ശേഷം നാളിതു വരെ ഒരു പ്രവർത്തിയും നടത്തികാണുന്നില്ല.

നിയമാനുസൃത ടൈം എക്സ്റ്റെൻഷൻ വാങ്ങുകയോ സമയബന്ധിതമായി സപ്ലിമെൻററി എഗ്രിമെൻറ് വെക്കുകയോ ചെയ്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി അവ്യക്തമാണ് എന്നു കാണുന്നു.ഈ പ്രവർത്തിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. എഗ്രിമെൻറ് പ്രകാരം ഈ പ്രവർത്തി പൂർത്തിയാക്കേണ്ടത് 28/03/2019 തിയ്യതിക്കാണ്. ഈ സമയപരിധിക്കുള്ളിൽ പ്രവർത്തി പൂർത്തിയാക്കാനാവാത്തത് എന്തു കൊണ്ടാണ് എന്ന് കരാറുകാരൻ രേഖാമൂലം കത്തു നൽകിയിട്ടില്ല.

2. പിഴ കൂടാതെ പ്രവർത്തിയുടെ കാലാവധി നീട്ടി നൽകണമെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുന്നത് 11/12/2019 ലാണ്. 28/03/2019 ൽ കാലാവധി തീർന്ന പ്രവർത്തിയുടെ കാലാവധി ഏതു സാഹചര്യത്തിലാണ് 11/12/2019 ൽ നീട്ടി നൽകിയത് എന്ന് നിർവ്വഹണോദ്യോഗസ്ഥന്റേതായ ഒരു വിശദീകരണവും പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിക്കുകയോ കമ്മിറ്റി അത് ചർച്ച ചെയ്തതായോ ചേർത്തിട്ടില്ല

3. കരാറുകാരനുമായി ചേർന്ന് ഒപ്പു വെച്ച കരാറിലെ വ്യവസ്ഥകളാണ് ഈ പ്രവർത്തിക്ക് നിയമപരമായി ബാധകമാകുന്നത് എന്നിരിക്കെ കരാറിലെ വ്യവസ്ഥകൾ കൃത്യമായി മനസ്സിലാക്കാതെയാണ് നിർവ്വഹണോദ്യോഗസ്ഥൻ തുടർനടപടികൾ സ്വീകരിക്കുന്നത് എന്ന് വ്യക്തമാണ്. ഇത്തരം വീഴ്ചകൾ ആവർത്തിക്കുന്ന പക്ഷം ഫൈൻ ഈടാക്കാതെയുള്ള കാലാവധി ദീർഘീകരണം ഭാവിയിൽ ഓഡിറ്റിൽ അംഗീകരിക്കുന്നതല്ല. ഇത്തരം പ്രവർത്തികളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കാൻ ജാഗ്രത പുലർത്തേണ്ടതാണ് എന്ന് ഓഡിറ്റിൽ അഭിപ്രായപ്പെടുന്നു.

## 1-23 25.09.2017 ൽ എഗ്രിമെന്റ് വെച്ച അംഗൻവാടി മെയിന്റനൻസ് പ്രവൃത്തി പൂർത്തിയായത് 12.02.2019 ന് - അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് നം. : 133/19 SO

ഹരിശ്രീ -59 ാം നമ്പർ അംഗൻവാടി മെയിൻറൻസ് W12

നിർവ്വഹണോദ്യഗസ്ഥൻ – അസിസ്റ്റന്റ് എൻജിനീയർ
അടങ്കൽ തുക : 3,15,000

ചെലവ് : 2,56,715

ട്രഷറി ബിൽ നം. : 30/28.12.18

Ist part തുക : 2,24,888/-

ട്രഷറി ബിൽ നം : 45/27.03.19

തുക : 31,827/-

ഭരണാനുമതി നം : 1/26.5.2017

സാങ്കേതികാനുമതി നം: 42692/31.7.2017

ടെണ്ടർ അംഗീകരിക്കൽ : 2(1) /31.8.17

14,08.17 ലെ T1/2017-18/AE/LSGD/KLM/2017 ടെണ്ടർ പരസ്യപ്രകാരം പൂർത്തികരണ കാലാവധി 7 മാസമാണ്. എസ്റ്റിമേറ്റ് നിരക്കിൽ ശ്രീ പിയൂസ് എം.വി കോൺട്രാക്ടർ വർക്ക് ഏറ്റെടുത്ത് എഗ്രിമെൻറ് വെച്ചിട്ടുണ്ട്

N0.34/AE/LSGD/KLM/17-18/25.9.17

Agreed PAC 2,94,611/-

എന്നാൽ അളവുപുസ്തകങ്ങൾ 91/17 -18,109/17-18,176/18-19 പ്രകാരം പ്രവൃത്തി പൂർത്തിയായി ഫൈനൽ മെഷർമെൻറ് എടുത്തിരിക്കുന്നത് 12.2.2019നാണ്,(Page No. 19 0f MB 176/18-19 dt 11.2.19)

എഗ്രീമെൻറ്/സൈറ്റ് ഹാൻറ് ഓവർ തിയതി 25.09.17 മുതൽ 7 മാസം കണക്കാക്കിയാൽ 31.3.2018ന് പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നു, 10മാസത്തെ കാലതാമസം ഉണ്ടായിട്ടുണ്ട്. കാലതാമസത്തിന്റെ കാരണം കാണിക്കുന്ന രേഖകൾ ഒന്നുതന്നെ ഫയലിനൊടൊപ്പം സൂക്ഷിച്ചിട്ടില്ല, I st partബിൽ നൽകുന്നതിന് ചെക്ക് മെഷർ ചെയ്തിരിക്കുന്നത് 22.3.18നാണ്.(Page No.27 Of MB 91/17-18) പെയിൻറിംഗ് പ്രവൃത്തികൾ മാത്രമായിരുന്നു ബാക്കിയുണ്ടായിരുന്നത്. ആയത് പൂർത്തിയാക്കി ചെക്ക് മെഷർ ചെയ്തിരിക്കുന്നത് 12.2.19 നാണ് IInd & final bill നൽകുന്നതിന് ഏകദേശം ഒരു വർഷത്തോളം കാലതാമസം ഉണ്ടായി.

കരാറുകാരൻറേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസി.എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിനുമുമ്പായി നൽകേണ്ടതാണ്. അപ്രകാരം അപേക്ഷ നൽകിയതായി രേഖയില്ല. കരാറുകാരന്റെ പിഴവു മൂലമാണ് പ്രവൃത്തി നീണ്ടുപോയിരിക്കുന്നത്. ഇത്തരം സന്ദർഭങ്ങളിലും കരാറുകാരൻ നിർവ്വഹണോദ്യഗസ്ഥൻ മുഖേന അപേക്ഷ നൽകി ഭരണസമിതിയുടെ അനുമതി പ്രകാരം സപ്ലിമെന്ററി എഗ്രിമെൻറ് ചമക്കേണ്ടതാണ്. അപ്രകാരം ചെയ്തിട്ടില്ല.

PWDമാന്വൽ പ്രകാരമുള്ള വ്യവസ്ഥകളല്ല എഗ്രിമെൻറിൽ പിഴ വ്യവസ്ഥയായി ചേർത്തിരിക്കുന്നത്.

മേൽപ്പറഞ്ഞ അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിന് (നം.14/14.01.2020) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവുതുക 2,56,715 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

# 1-24 കൂട്ടിക്കുട്ടം ചിൽഡ്രൻസ് പാർക്ക് നിർമ്മാണം - അപാകതകൾ

പ്രൊജക്റ്റ് നം. : 94/19

അടങ്കൽ തുക : 9,94,500

ചെലവ് : 1,09,851

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചീനിയർ

ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള പൊതു ഗ്രൗണ്ടിൽ കുട്ടികൾക്കായി ചിൽഡ്രൻസ് പാർക്ക് നിർമ്മാണത്തിനായി 9,94,500രുപ വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി.

E- Tender No. 2/AE/18-19 25.5.18

കോൺട്രാക്ടർ : M V PIUS

Agreed PAC 8,01,378.69

Agmt No. 2/AE/LSGD/KLM/2018-19 dt 27.6.18

പൂർത്തികരണ കാലാവധി : 6മാസം

അളവുപുസ്തകം നം. 22/18-19

ട്രഷറി ബിൽ നം : 54/27.3.19

മേൽ പ്രവൃത്തി ഓഡിറ്റ് തിയ്യതി വരെയും പൂർത്തികരിച്ച് ഫൈനൽ ബിൽ നൽകിയിട്ടില്ല. 19ഇനങ്ങളുള്ള സിവിൽ വർക്കിൻറെ ആദ്യ 3 ഇനങ്ങൾ മാത്രമേ ചെയ്തിട്ടുള്ളൂ. കളി ഉപകരണങ്ങൾക്കുള്ള തുക 1,97,500 രുപ LS Provision

ഉൾക്കൊള്ളിച്ചിട്ടുണ്ട്. കരാറുകാരന് പാർട്ട് ബിൽ നൽകി നിർത്തിയിരിക്കുകയാണ്. കാലതാമസത്തിന് വിശദീകരണ ക്ഷമമായ രേഖകൾ ഫയലിനൊടൊപ്പം സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്ത് ഗ്രൗണ്ടിനോടു ചേർന്ന ടി സ്ഥലത്ത് നിർമ്മാണപ്രവർത്തനം നിലച്ചിരിക്കുന്നതായി സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയോടൊപ്പം കരാറുകാരൻ എം.വി പിയൂസിന്റെ തിയതി വെക്കാത്ത ടൈം എക്സ്റ്റൻഷൻ അപേക്ഷയുടെ കോപ്പി ലഭ്യമാക്കി. ആയതിൽ AE യുടെ സാക്ഷ്യപ്പെടുത്തൽ ഉണ്ടെങ്കിലും തിയതി വെച്ചിട്ടില്ല, ശാരീരിക അസ്വാസ്ഥ്യം നിമിത്തം പ്രവൃത്തി നടത്തുവാൻ സാധിക്കാതെ വന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 11.12.2019ലെ 1(1)നം തീരുമാനപ്രകാരം പിഴ കൂടാതെ മേൽ പ്രവൃത്തിയുടെ കാലാവധി 31.3.2020വരെ നീട്ടി നൽകാൻ ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ട്. മേൽപ്പറഞ്ഞ രേഖകൾ പദ്ധതി ഫയലിൽ ലഭ്യമാക്കിയിരുന്നില്ല. കളി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടി ക്രമങ്ങൾ വൈകിയതുകൊണ്ടാണ് പ്രവൃത്തി നീണ്ടുപോയതെന്ന് ഫയൽ രേഖകളിൽ നിന്നും വ്യക്തമാകുന്നു. വേണ്ടത്ര ആസൂത്രണവും മുന്നൊരുക്കവുമില്ലാതെ നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതുകൊണ്ടാണ് സമയപരിധിയിൽ പൂർത്തിയാക്കാൻ കഴിയാത്തതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മേൽപദ്ധതിയുടെ പൂർത്തീകരണവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 സെക്രട്ടറി നടപ്പിലാക്കിയ താഴെ ചേർക്കുന്ന പ്രോജക്ടുകളിൽ യു.സി ഇല്ലാത്തവയുടെ വിവരം താഴെ ചേർക്കുന്നു. ഇവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജ.നം. | പ്രോജക്ടിന്റെ പേര്/ തുക കൈമാറിയ ഏജൻസി | തുക | ബിൽ നം.തിയ്യതി | യു.സി |
|---|---|---|---|---|---|
| 1 | 104/19 | സുശാന്തം വിഹിതം (സുശാന്തം വയോജന കേന്ദ്രം )ജില്ലാ പഞ്ചായത്ത് .തൃശ്ശൂർ | 50000 | ബിൽ നമ്പർ 16 /18-19 dt.23/08/2018 | ഇല്ല |
| 2 | 162/19 | പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ്(എക്സിക്യൂട്ടീവ് എഞ്ചിനീയർ.പി.ഡബ്ള്യ.ഡി .ഇലക്ട്രിക്കൽ വിങ്ങ്. തൃശ്ശൂർ | 600000 | ബിൽ നമ്പർ.60/15 തിയ്യതി. 15/11/18 | ഇല്ല |
| 3 | 02/19 | എസ്.എസ്.എ വിഹിതം ഡി.പി.ഒ.സർവ്വശിക്ഷാ അഭിയാൻ. തൃശ്ശൂർ | 400000 | ബിൽ നമ്പർ.6/18-19 dt.29/06/18 | ഇല്ല |

## 1-26 ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

കാറളം ഗ്രാമപഞ്ചായത്തിന്റെ 15 വാർഡുകളിലെ മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷൻ അനുവദിച്ച 150000രൂപ ശുചിത്വ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ചിട്ടുള്ള വാർഡ്തല ശുചിത്വ കമ്മിറ്റി കൺവീനർമാർക്ക് ചെക്ക്നം. 27482369/26.6.2018 പ്രകാരം അനുവദിച്ചിരുന്നു. ജൂലൈ 15നുള്ളിൽ പൂർത്തീകരിച്ച് റിപ്പോർട്ട് പഞ്ചായത്തിൽ സമർപ്പിക്കുന്നതിനും സമിതിചെയർമാൻ,കൺവീനർ എന്നിവരെ ചുമതലപ്പെടുത്തിയിരുന്നു,എന്നാൽ 3,4,5 വാർഡുകളിലെ പ്രവർത്തനങ്ങളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്. പ്രവർത്തന ചെലവ് 30000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-27 പൊതുടാപ്പ് വെള്ളക്കരം

കേരള വാട്ടർ അതോറിറ്റി ഇരിങ്ങാലക്കുട ഹെൽത്ത് ഡിവിഷന്റെ പ്രതിമാസ ഡിമാന്റ് കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിൽ 300പൊതുടാപ്പുകളാണ് ഉള്ളത്. 2018-19 പ്രതിമാസം 131250 രൂപ വെച്ച് സാമ്പത്തിക വർഷത്തിൽ 1575000 രൂപ വാട്ടർചാർജ്ജ് ഇനത്തിൽ അടവാക്കിയിട്ടുണ്ട് . പൊതുടാപ്പ് എണ്ണം കണക്കാക്കുന്നതിനായി വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധന സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ പ്രവർത്തിക്കാത്ത ടാപ്പുകൾ ഒഴിവാക്കി കൃത്യമായ എണ്ണത്തിന് വെള്ളക്കരം അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-28 കാറ്ററിംഗ് യൂണിറ്റിലേയ്ക്ക് സാധന സാമഗ്രികൾവാങ്ങൽ-പദ്ധതി പ്രവർത്തനസജ്ജമാക്കിയിട്ടില്ല

പദ്ധതി നം. SO.57/2019

അടങ്കൽ 453600

ചെലവ് 297827

ബിൽ.നം. 47/78427/23.3.2019

ബിൽ.നം. 48/70800/23.3.2019

ബിൽ.നം. 52/77800/26.3.2019

ബിൽ.നം. 54/70800/28.3.2019

നിർവ്വഹണ ഉദ്യോഗസ്ഥൻ അസി. സെക്രട്ടറി

2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നടപ്പിലാക്കിയ കാറ്ററിംഗ് യൂണിറ്റിലേയ്ക്ക് സാധന സാമഗ്രികൾവാങ്ങൽ എന്ന പദ്ധതി പ്രകാരം മേശ ,കസേര,പാത്രങ്ങൾ എന്നിവ വാങ്ങിയിട്ടുള്ളതാണ്. പഞ്ചായത്ത് മിനി എസ്റ്റേറ്റ് കെട്ടിടത്തിലുള്ള യൂണിറ്റ് പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രീൻ പ്രോട്ടോക്കോൾ നിശ്ചയിച്ച രീതിയിലുള്ള സാധനസാമഗ്രികൾ വാങ്ങി വാടകയ്ക്ക് നല്കുന്നതിനും വാടക ഇനത്തിൽ ലഭിക്കുന്ന തുകയുടെ 50% നടത്തിപ്പുകാരായ കുടുംബശ്രീ പ്രവർത്തകർക്കും ബാക്കി 50% ഈ പദ്ധതിയുടെ നടത്തിപ്പിനുമായി ഉപയോഗിക്കുന്ന വിധത്തിലാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത് . സാധന സാമഗ്രികൾ വാങ്ങിയെങ്കിലും യൂണിറ്റ് ഇതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ല. ഇതുസംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം സൗജന്യമായി പദ്ധതി നടത്തിപ്പിനായി വിട്ടുതരാമെന്ന് സമ്മതിച്ചിട്ടുള്ളതും ആയതിന്റെ പ്രവർത്തികൾ നടന്നു വരുന്നതുമാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. പദ്ധതി പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

# 1-29 അംഗൻവാടിക്ക് സ്ഥലം വാങ്ങൽ. സ്ഥലം വാങ്ങിയത് പോക്കുവരത്ത് നടത്തി ഭൂ നികുതി അടവാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ. 146/19

ഈ പ്രോജക്ടിൽ 150000 രൂപ മുടക്കി 1.21 ആർസ് സ്ഥലം വാങ്ങിയിട്ടുണ്ട്.

15/03/2019 ൽ ഈ സ്ഥലം കുറ്റിക്കാട് നെയ്യൻ റപ്പായി മകൻ ജോസിൽ നിന്നും പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ തീറാക്കിയിട്ടുണ്ട്. എന്നാൽ സ്ഥലം

പോക്കുവരത്തുനടത്തി പഞ്ചായത്തിന്റെ പേരിൽ ഭൂനികുതി ഒടുക്കിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് പോക്കു വരവ് സംബന്ധിച്ച രേഖകൾ കാറളം വില്ലേജ് ഓഫീസിൽ നൽകിയിട്ടുള്ളതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. സ്ഥലം പോക്കു വരത്തു നടത്തി ഭൂനികുതി ഒടുക്കുന്നതിനുള്ള നടപടികൾ തുടരേണ്ടതും പോക്കു വരവ് നടത്തിയ ശേഷം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-30 കന്നുകുട്ടി പരിപാലന പദ്ധതി

നിർവ്വഹണഉദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

പ്രോജക്ട്നമ്പർ-S058/19

അടങ്കൽ-312500

ചെലവ് 312500

ട്രഷറിബിൽ നം-3/2018-19/13.12.2018/312500/-

50 ഗുണഭോക്താക്കൾക്കുള്ള വികസനഫണ്ട് 312500/-രൂപ എസ്.എൽ.ബി.പി ക്ക് മേൽപറഞ്ഞ പ്രകാരം കൈമാറിയിട്ടുണ്ട്. തീറ്റവിതരണം നടത്തുന്ന പാൽ സൊസൈറ്റിയിൽ നിന്നും പരിശോധനക്കായി ലഭ്യമാക്കിയ വ്യക്തിഗത നാൾവഴി പ്രകാരം ബിന്ദു സാജുപൊല്ലേങ്കണ്ടത്ത് എന്ന ഗുണഭോക്താവ് 23.8.2019 വരെ മാത്രമെ കാലിത്തീറ്റ കൈപ്പറ്റിയിട്ടുള്ളൂ. മെയ്,ജൂൺ മാസങ്ങളിൽ കാലിത്തീറ്റ കൈപ്പറ്റിയിട്ടില്ല. അനിത.വി.ബി. എന്ന ഗുണഭോക്താവ് 23.10.2019 ന ശേഷം കാലിത്തീറ്റ കൈപറ്റിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം. 7/9.1.2020ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.ഇവർ പദ്ധതിയിൽ തുടരുന്നില്ലെങ്കിൽ ഇവർക്കായി കൈമാറിയ തുക സർക്കാരിലേക്ക് തിരിച്ചടവാക്കാൻ എസ്.എൽ.ബി.പി അധികാരികൾക്ക് നിർദ്ദേശം നൽകാവുന്നതാണ്.

പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് തുകയുടെ വിനിയോഗസാക്ഷ്യപത്രം എസ്.എൽ.ബി.പി യിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

# 1-31 ആയുർവ്വേദ മെഡിക്കൽ ഓഫീസർ നടത്തിയ പദ്ധതികളുടെ അപാകതകൾ

1) മെഡിക്കൽ ഓഫീസർ, ആയുർവ്വേദം, 2018-19ൽ നടപ്പിലാക്കിയ ആശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങൽ എന്ന പ്രോജക്ടിൽ മരുന്നുകൾ വാങ്ങുന്നതിനായി 'ഔഷധി', കുട്ടനെല്ലൂർ, തൃശ്ശൂർ, എന്ന സ്ഥാപനത്തിന് 21.06.2018 ൽ ₹ 6,00,000/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായതിന് കാലതാമസം നേരിട്ടതായി കാണുന്നു.

മരുന്നുകളുടെ തുക, ബിൽ തീയതി,മരുന്നുകൾ ലഭിച്ച തീയതിഎന്നിവ ചുവടെ ചേർക്കുന്നു.

1. ₹ 233006/- ബിൽ തീയതി 26.06.2018/ 09.07.2018

2. ₹ 39144/- ബിൽ തീയതി 30.06.2018/ 09.07.2018

3. ₹ 26612/- ബിൽ തീയതി 23.07.2018/ 27.07.2018

4. ₹ 21074/- ബിൽ തീയതി 31.07.2018/ 05.08.2018

5. ₹ 44987/- ബിൽ തീയതി 31.08.2018/ 03.09.2018

6. ₹ 39194/- ബിൽ തീയതി 20.09.2018/ 16.10.2018

7. ₹ 84137/- ബിൽ തീയതി 30.09.2018/ 16.10.2018

8. ₹ 83967/- ബിൽ തീയതി 31.10.2018/ 08.11.2018

9. ₹ 27880/- ബിൽ തീയതി 30.11.2018/ 08.12.2018

മരുന്നുകൾ ലഭ്യമാക്കുവാൻ ഇത്തരത്തിൽ കാലതാമസം നേരിട്ടതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് 'ഔഷധി' ക്ക് കത്ത് നല്കിയിട്ടുണ്ടോയെന്നും മറ്റെന്തെങ്കിലും നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് അറിയിക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.19/15.01.2020) നല്കിയെങ്കിലും മറുപടി ലഭ്യമായില്ല.

2) മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ മറ്റൊരു പ്രോജക്ടായ 'വനിതകൾക്ക് യോഗപരിശീലനം' എന്ന പ്രോജക്ടിന്റെ ഫയലിൽ യോഗപരിശീലനം സിദ്ധിച്ചവരുടെ അറ്റൻഡൻസ് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല. രണ്ട് തവണകളായി 31 ദിവസം വീതം നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ടിന്റെ ഗുണഭോക്താക്കളുടെ പേരുവിവരം മാത്രമേ ഫയലിൽ ലഭ്യമായിട്ടുള്ളൂ. യോഗപരിശീലനവുമായി ബന്ധപ്പെട്ട മറ്റു വിശദാംശങ്ങളെല്ലാം ഫയലിൽ ലഭ്യമാണ്. മേലിൽ ഗുണഭോക്താക്കളുടെ അറ്റൻഡൻസ് ഷീറ്റ് സൂക്ഷിക്കേണ്ടതും ഓഡിറ്റ് സമയത്ത് ഹാജരാക്കേണ്ടതുമാണ്.

## 1-32 റവന്യു റിക്കവറി . തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ശ്രീ. ലൈജു വരന്തരപ്പിള്ളി വീട്, ചെമ്മണ്ട എന്നയാൾക്ക് ലൈഫ് ജനറൽ പദ്ധതിയിലുൾപ്പെടുത്തി ഭവനനിർമ്മാണധനസഹായത്തിന്റെ ആദ്യഗഡു 40000 രൂപ ബിൽ No. 03/18-19 തിയ്യതി 16-07-18 പ്രകാരം നൽകിയിട്ടുള്ളതാണ്. എന്നാൽ ഗുണഭോക്താവ് വീട്ടു പണി നടത്താത്തതുമൂലം 31/08/2019 തിയ്യതിയിലെ 4(1) തീരുമാനപ്രകാരം റവന്യ റിക്കവറി നടപടികൾക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ആർ.ആർ ശുപാർശകൾ അയക്കുകയുൾപ്പെടെ തുടർനടപടികൾ കൈക്കൊണ്ടതായി ഫയലിൽ നിന്നും വ്യക്തമല്ലാത്തതിനാൽ ഇതിലെ തത് സ്ഥിതി വിവരം ഓഡിറ്റ് എൻക്വയറി പ്രകാരം ആരാഞ്ഞിരുന്നു. തുടർനടപടികൾ ആരംഭിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. നടപടികൾ സ്വീകരിക്കുന്നമുറക്ക് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-2019 | 19-7-2019 , 20-7-2019 | കെ.എസ്.എ.ടി.എസ്.ആർ.(എസ്.1)1120/19(28)/ തീ.6.8.2019 |

# 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | നെൽകൃഷി കൂലിചെലവ് | 300000 | 0 |
| | 2018-19 | 100000 | ആശ്രയ (ജനറൽ) | ഉപേക്ഷിച്ചു. | 1,00,000 |
| | 2018-19 | 100000 | ആശ്രയ (എസ്.സി) | “ | 1,00,000 |
| | 2018-19 | 400000 | പൊതുഗ്രൗണ്ട് സംരക്ഷണം | 399000 | 100(rop) |
| | 2018-19 | 200000 | മാനസിക/ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (ജനറൽ) | 200000 | 0 |
| | 2018-19 | 150000 | അങ്കണവാടി പോഷകാഹാരവിതരണം | 150000 | 0 |
| | 2018-19 | 200000 | പാലിന് സബ്സിഡി | 200000 | 0 |
| | 2018-19 | 1092498 | ലൈഫ് മിഷൻ(എസ്സ്.സി) | 1092498 | 0 |
| | 2018-19 | 400000 | എം.എം കനാൽ വാട്ടർ പാർക്ക് | 0 | 400000 |
| | 2018-19 | 50000 | കാൻസർ നിർണ്ണയക്യാമ്പ് | 50000 | 0 |
| | 2018-19 | 350000 | വയോജനങ്ങൾക്ക് കട്ടിൽ | 350000 | 0 |
| | 2018-19 | 100000 | പച്ചക്കറി കൃഷി | 100000 | 0 |
| | 2018-19 | 1180936 | ലൈഫ് മിഷൻ | 1180936 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 772768 | ലൈഫ് മിഷൻ | 772768 | 0 |
| | 2018-19 | 500000 | കുട്ടിക്കൂട്ടം ചിൽഡ്രൻസ് പാർക്ക് | 0 | 500000 (rop) |
| | 2018-19 | 250000 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ | 198970 | 51030 |
| | 2018-19 | 500000 | സമൃദ്ധി അരി | 0 | 500000 |
| | 2018-19 | 500000 | എം.എം കനാൽ വാട്ടർ പാർക്ക് | 0 | 500000 |
| | 2018-19 | 350000 | വയോജനങ്ങൾക്ക് കട്ടിൽ | 346200 | 3800 |
| | 2018-19 | 150000 | മാനസിക/ശാരീരികവെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |
| | 2018-19 | 150000 | അങ്കണവാടി പോഷകാഹാരവിതരണം | 145441 | 4559(rop) |
| | 2018-19 | 200000 | പാലിന് സബ്സിഡി | 200000 | 0 |

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

B-18 ഷെഡ്യൂൾ പ്രകാരം ബാലൻസ് 7844/- രൂപയുണ്ട്. മറ്റു വിശദാംശങ്ങൾ ലഭ്യമല്ല.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് മിഷൻ വായ്പ | | 8664254 | 0 | 0 | 8664254 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 3000000 |
| ആകെ | 3000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3000000 |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച വരവ് 2580/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | | 480 | കുമരചിറ ചിറ്റ്സ് | 118030101869 |
| | | 2100 | ബയോ സയൻഷ്യ ലാബോറട്ടറി | 118030101930 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വർഷം | | | |
| 2016-17 | | 2016-17 | 2-3 | തൊഴിൽനികുതി രജിസ്റ്റർ | അപാകതകൾ പരിഹരിച്ചിട്ടുണ്ട് |
| | | | 2-5 | ജീവനക്കാരുടെ തൊഴിൽനികുതി | അപാകതകൾ പരിഹരിച്ചിട്ടുണ്ട് |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 80499338 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 76820552 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2,86,715/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 2,56,715 | സന്തോഷ് എം.പി., അസിസ്റ്റന്റ് എൻജിനീയർ |
| 1-26 | 30,000 | ശ്രീ. കെ.എസ്.ബാബു, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

### (ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1985-86 | എൽ.എഫ്.ടി.പി.7-232/13 തീയ്യതി15.3.2014/ 16.6.2014ലെ ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 1992-93, 1993-94 | |
| 1994-95, 1995-96 | കെ.എസ്.എ.ടി.എസ്.ആർ.പി.7-274/16 തിയ്യതി. 18.4.2016/ 10.5.2016 ലെ ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 1996-97 | |
| 1997-98 | |
| 1998-99 (വരവ്) | |
| 1998-99 (ചെലവ്) | |
| 1999-00 | |
| 2000-01 | എൽ.എഫ്.ടി.16-875/02/21.10.02 |
| 2001-02 പദ്ധതി വരവ്- | എൽ.എഫ്.ടി.16-1340/03/20.02.04 |

| | |
|---|---|
| ചെലവ് | |
| 2001-02 (വരവ്-ചെലവ്) | എൽ.എഫ്.ടി.16-827/05/09.03.06 |
| 2002-03 (വരവ്-ചെലവ്) | എൽ.എഫ്.ടി.16-1821/07/22.09.08 |
| 2003-04 (വരവ്-ചെലവ്) | എൽ.എഫ്.ടി.16-1822/07/22.09.08 |
| 2004-05 (വരവ്-ചെലവ്) | എൽ.എഫ്.ടി.16-1823/07/22.09.08 |
| 2005-06 | എൽ.എഫ്.ടി.16-582/10/24.01.11 |
| 2006-07 | എൽ.എഫ്.ടി.16-583/10/24.01.11 |
| 2007-08 | എൽ.എഫ്.ടി.പി.11-1199/11/06.02.11 |
| 2008-09 | എൽ.എഫ്.ടി.പി.11-1200/11/05.02.11/18.09.12 |
| 2009-10,2010-11 | എൽ.എഫ്.ടി.പി.(3)2295/12/18.03.13/01.07.13 |
| 2011-12 | എൽ.എഫ്.ടി.പി.(3)232/13/17.04.13/01.08.13 |
| 2012-13 | എൽ.എഫ്.ടി.പി.(7)1700/14/09.02.15/08.06.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(പി.7)183/16/ 19.2.2016/10.3.2016 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി.7)1151/16 തിയ്യതി 20.07.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി.7)148/17 തിയ്യതി 21.07.2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(പി.7)1718/17 തിയ്യതി30.11.17/ 01.01.2018 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(പി.7)136/2019 തിയതി: 17.05.2019 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ.

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

കെ.എസ്.എ.ടി.എസ്.ആർ(പി.7)192/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020

ഫോൺ- 0487 2331240

ഇ.മെയിൽ-dotsr.ksad@kerala.gov.in

തീയ്യതി:30.04.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ കാറളം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാറളം ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| | സംക്ഷിപ്തം(AuditedAbstract) |
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ